(ബി) വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്നതിന് പകരം വക്കീൽ നോട്ടീസ് അയയ്ക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ ;

(സി) വിവരാവകാശ നിയമപ്രകാരം DDE ഓഫീസിൽ സമർപ്പിച്ച അപേക്ഷയിന്മേൽ വക്കീൽ നോട്ടീസ് അയയ്ക്കാനിടയായ സംഭവത്തിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) വിവരാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷകൾക്ക് മറുപടി നൽകിയിട്ടുണ്ട്. അപകീർത്തിപ്പെടുത്താൻ ശ്രമിച്ചതിന് മാപ്പ് പറഞ്ഞില്ലെങ്കിൽ കേസുകൊടുക്കും എന്നുകാട്ടി വക്കീൽനോട്ടീസ് അയച്ചിട്ടില്ല.

സ്കൂൾ ക്ലാർക്കുമാരുടെ ശമ്പളത്തിലെ ഗ്രേഡ് സ്കെയിൽ

58 (2966) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരേ തസ്തികയിൽ ജോലി ചെയ്യുന്ന ഗവൺമെന്റ് സ്കൂൾ ക്ലാർക്കുമാർക്കും എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്കും ശമ്പളത്തിൽ ഗ്രേഡ് സ്കെയിൽ നിശ്ചയിക്കുന്നതിനുള്ള വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനായി സമാനജോലി ചെയ്യുന്ന ഇവർക്ക് ഒരേ രീതിയിലുള്ള ശമ്പള വർദ്ധനവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അനുവദിച്ച പ്ലസ് ടു ബാച്ചുകൾ

59 (2967) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്ലസ് ടു ബാച്ചുകൾ അനുവദിച്ചു എന്നും ഇതിൽ സർക്കാർ, എയ്ഡഡ് സ്കൂളുകൾ എത്ര വീതമെന്നും ഇതിനായി പ്രതിവർഷം എത്ര രൂപയുടെ അധിക ബാദ്ധ്യതയാണ് വേണ്ടി വരുന്നതെന്നും വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലസ്ടു ബാച്ചുകൾ ഏതൊക്കെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലാണ് അനുവദിച്ചതെന്നും ഓരോ സ്കൂളുകളിലും ഏതൊക്കെ വിഷയങ്ങളിലാണ് ബാച്ചുകൾ അനുവദിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച എത്ര ഹയർസെക്കന്ററി ബാച്ചുകളാണ് കോടതി നടപടികൾമൂലം നിർത്തലാക്കേണ്ടി വന്നതെന്നും സ്കൂളുകൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ അനുവദിച്ച ഹയർസെക്കന്ററി ബാച്ചുകൾ കണക്കാക്കിയാൽ എല്ലാ പഞ്ചായത്തുകളിലും ഹയർസെക്കന്ററി ബാച്ചുകൾ ഉള്ളതായി ഉറപ്പുവരുത്തിയിട്ടുണ്ടോ ;

(ഇ) പുതിയതായി അനുവദിച്ച ഹയർസെക്കന്ററി ബാച്ചുകളിൽ ഒരു പഞ്ചായത്തിൽ ഒന്നിൽ കൂടുതൽ ഹയർസെക്കന്ററി ബാച്ചുകൾ അനുവദിക്കപ്പെട്ടതായി വിവരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ പഞ്ചായത്തുകളിലാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ എയ്ഡഡ് മേഖലയിൽ 2014-15 വരെ പുതിയ ഹയർസെക്കന്ററി സ്കൂളുകളിലായി 278 ബാച്ചുകളും നിലവിലുള്ള ഹയർസെക്കന്ററി സ്കൂളുകളിൽ 711 അധിക ഹയർ സെക്കന്ററി ബാച്ചുകളും അനുവദിച്ചിട്ടുണ്ട്. ബാച്ചുതിരിച്ച വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു.* 2014-15 അദ്ധ്യയന വർഷത്തിൽ അനുവദിച്ച ബാച്ചുകളിൽ വേണ്ട തസ്തികകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. ആയതിനുശേഷംമാത്രമേ ബാധ്യത തിട്ടപ്പെടുത്താൻ കഴിയൂ.

(സി) 284 ബാച്ചുകൾ. വിവരം അനുബന്ധം II ആയി ചേർക്കുന്നു.*

(ഡി) ഇല്ല.

(ഇ) ഉണ്ട്. പഞ്ചായത്ത് തിരിച്ച വിവരം ശേഖരിച്ചുവരുന്നു.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly